I ഇ.ബി. XIV - കേരള നിയമസഭ /X-4

**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 മാർച്ച് 05, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

I. **അടിയന്തരപ്രമേയം**

സുഗതന്റെ ആത്മഹത്യ

മി. സ്പീക്കർ: 40 വർഷത്തെ പ്രവാസി ജീവിതം അവസാനിപ്പിച്ച് മടങ്ങിവന്ന കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കിലെ സുഗതൻ സ്വന്തമായി ജീവിതമാർഗ്ഗം കെട്ടിപ്പടുക്കാൻ ഒരു വർക്ക് ഷോപ്പ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കവേ ഭരണകക്ഷിയായ സി.പി.ഐ.യുടെ യുവജനവിഭാഗമായ AIYF-ന്റെ പ്രവർത്തകർ ഭീഷണിപ്പെടുത്തുകയും തടസ്സങ്ങൾ സൃഷ്ടിക്കുകയും കൈക്കൂലി ചോദിച്ച് പ്രസ്തുത സംരംഭത്തെ തടയാൻ ശ്രമിക്കുകയും ചെയ്തതിനാൽ സുഗതൻ ആത്മഹത്യചെയ്ത

സംഭവത്തെത്തുടർന്ന് പ്രതികൂലമായ സാഹചര്യങ്ങളിൽ ജോലി നഷ്ടപ്പെട്ട് മടങ്ങിവരുന്ന പ്രവാസി സമൂഹത്തിനുണ്ടായിട്ടുള്ള ആശങ്കയും അരക്ഷിതാബോധവുംമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അടൂർ പ്രകാശ്, ടി.വി. ഇബ്രാഹിം, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ വാഴമൺ ആലുംകീഴിൽ വീട്ടിൽ സുഗതൻ, ഇളമ്പൽ എബനേസർ പാർക്ക് ഓഡിറ്റോറിയത്തിന് സമീപം വർക്ക് ഷോപ്പ് ആരംഭിക്കുന്നതിനായി വാടകയ്ക്കെടുത്ത സ്ഥലത്തുള്ള താൽക്കാലിക ഷെഡ്ഡിന്റെ മേൽക്കൂരയിൽ 23-2-2018-ന് രാവിലെ തൂങ്ങി മരിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പ്രവാസി ജീവിതം അവസാനിപ്പിച്ച് നാട്ടിൽ തിരിച്ചെത്തിയ സുഗതൻ വർക്ക് ഷോപ്പ് ആരംഭിക്കുന്നതിനായി ഷാജി കുര്യൻ എന്നയാളുടെ പേരിലുള്ള പതിനാറര സെന്റ് സ്ഥലം പ്രതിമാസ വാടകയ്ക്ക് കരാർ ചെയ്തതായി അന്വേഷണത്തിൽ അറിവായിട്ടുണ്ട്. എന്നാൽ വർക്ക്ഷോപ്പ് തുടങ്ങുന്നതിനാവശ്യമായ അനുമതി ലഭിക്കുന്നതിനു മുമ്പുതന്നെ ഷെഡ്ഡിന്റെ നിർമ്മാണം ആരംഭിച്ചപ്പോൾ എ.ഐ.വൈ.എഫ്.

പ്രവർത്തകർ നിർമ്മാണം തടസ്സപ്പെടുത്തുകയുണ്ടായി. വർക്ക്ഷോപ്പിന്റെ നിർമ്മാണപ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്തതിലുള്ള മനോവിഷമത്താലാണ് സുഗതൻ ആത്മഹത്യ ചെയ്തത്. ഇത് ദൗർഭാഗ്യകരമായ സംഭവമാണ്. പ്രാഥമികാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ പ്രകാരം കേസ് ചാർജ് ചെയ്ത് കോടതിയിൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഒന്നും രണ്ടും മൂന്നും പ്രതികൾ ഇപ്പോൾ റിമാന്റിലാണ്. മറ്റ് പ്രതികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തിവരികയാണ്. നിയമാനുസൃതമായി ആരംഭിക്കുന്ന ഏതൊരു തൊഴിൽ സംരംഭത്തിനും സർക്കാർ പൂർണ്ണ പിന്തുണ നൽകും. നിയമം കയ്യിലെടുക്കാൻ ആരെയും അനുവദിക്കില്ല. സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് വേഗത്തിലാക്കുന്നതിനും നടപടികൾ സ്വീകരിക്കും.

<u>ശ്രീ. അടൂർ പ്രകാശ്</u>: ലോക കേരള സഭ സംഘടിപ്പിച്ചതിലൂടെ പ്രവാസി മലയാളികൾക്കും തദ്ദേശവാസികൾക്കും വലിയ പ്രതീക്ഷയാണ് നൽകിയിരിക്കുന്നത്. മരണപ്പെട്ട സുഗതന്റെ വീട് ഞാനും ബഹു.വനം വകുപ്പുമന്ത്രിയും സന്ദർശിക്കുകയുണ്ടായി. നാൽപ്പത് വർഷക്കാലമായി സുഗതൻ മസ്കറ്റിൽ മെക്കാനിക്കായി ജോലി ചെയ്തുവരികയാണ്. രണ്ട് ആൺമക്കളെയും ഗൾഫിൽ ജോലിക്കായി കൊണ്ടുപോയെങ്കിലും പ്രതികൂല സാഹചര്യങ്ങളാൽ നാട്ടിലേയ്ക്ക്

മടങ്ങേണ്ടി വന്നു. വർക്ക് ഷോപ്പ് നിർമ്മാണത്തിന് പഞ്ചായത്ത് അധികൃതർ താൽക്കാലിക അനുമതി നൽകാമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് മൂന്ന് വർഷത്തേയ്ക്ക് ലീസിനെടുത്ത പതിനാറ് സെന്റ് ഭൂമിയിൽ വർക്കുകൾ ആരംഭിച്ചത്. എന്നാൽ സി.പി.ഐ.യുടെ യുവജനവിഭാഗമായ എ.ഐ.വൈ.എഫ്.ന്റെ ചില പ്രവർത്തകർ അദ്ദേഹത്തെ ഭീഷണിപ്പെടുത്തുകയും കൈക്കൂലി ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത സംരംഭത്തെ തടയാൻ ശ്രമിക്കുകയും ചെയ്തതിലുണ്ടായ മാനസിക സമ്മർദ്ദത്തിലാണ് സുഗതൻ ആത്മഹത്യ ചെയ്തത്. വർക്ക് ഷോപ്പിനെതിരെ സമരം നടത്തിയവർ പ്രശ്നം ഒത്തുതീർപ്പാക്കുന്നതിന് രണ്ട് ലക്ഷം രൂപ ആവശ്യപ്പെട്ടതായി സുഗതന്റെ മകൻ വെളിപ്പെടുത്തുകയുണ്ടായി. സുഗതനും കുടുംബവും കൂട്ട ആത്മഹത്യ ചെയ്യാനുള്ള തയ്യാറെടുപ്പ് നടത്തിയിരുന്നുവെന്ന് സംഭവസ്ഥലം സന്ദർശിക്കുന്നവർക്ക് മനസ്സിലാക്കാൻ സാധിക്കും. അതീവ ഗുരുതരമായ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): പ്രവാസി മലയാളിയായ സുഗതൻ വർക്ക്ഷോപ്പ് ആരംഭിക്കുന്നതിന് പഞ്ചായത്ത് അധികൃതരുടെ അനുമതി വാങ്ങുന്നതിനുള്ള ശ്രമം നടത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ മരണകാരണമായിട്ടുണ്ടോ എന്നതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതാണ്.

പ്രവാസി ജീവിതം അവസാനിപ്പിച്ച് നാട്ടിലെത്തുന്നവർക്ക് വ്യവസായസംരംഭം ആരംഭിക്കുന്നതിനാവശ്യമായ പിന്തുണയും സഹായവും നൽകുന്നതിനുപകരം സംസ്ഥാനത്തെ ചില പ്രദേശങ്ങളിൽ കൊടിനാട്ടുകയും തൊഴിലാളി സംഘടനകളെന്ന പേരിൽ വ്യവസായ സംരംഭകരെ ചൂഷണം ചെയ്യുകയും നോക്കുകൂലി ആവശ്യപ്പെടുകയും ചെയ്യുന്ന നിയമവിരുദ്ധ പ്രവണതകൾ അവസാനിപ്പിക്കണം. ഇക്കാര്യത്തിൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ട്രേഡ് യൂണിയനുകളുടെ തെറ്റായ ഇടപെടലിന്റെ ഫലമായി സംസ്ഥാനത്ത് ഏതെങ്കിലുമൊരു വ്യവസായ സംരംഭം നിർത്തലാക്കി എന്ന ആക്ഷേപം നാളിതുവരെ ഉണ്ടായിട്ടില്ല. കേരളത്തിൽ നിലനിൽക്കുന്ന ഇത്തരം ദുഷ്പ്രവണതകൾക്ക് അന്ത്യം കുറിക്കുന്നതിനും കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുന്ന വിധത്തിൽ പുതിയൊരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സുഗതൻ ആത്മഹത്യ ചെയ്യാനുണ്ടായ കാരണം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. പ്രവാസിക്ഷേമം മുൻനിർത്തി വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ സഹായം നൽകുന്നതിന്റെ ഭാഗമായി 15 ശതമാനം മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം പലിശ സബ്സിഡിയും നൽകുന്നൊരു

പദ്ധതി സർക്കാർ തയ്യാറാക്കിവരുന്നുണ്ട്. പ്രവാസികൾ ഉൾപ്പെടെയുള്ളവർക്ക് വ്യവസായം ആരംഭിക്കുന്നതിന് ഉണ്ടായേക്കാവുന്ന തടസ്സങ്ങൾ ദൂരീകരിക്കുന്നതിന് ശക്തമായ ഇടപെടൽ നടത്തുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. എം. മാണി, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

(1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ ഏറ്റെടുക്കൽ

ശ്രീമതി ഇ. എസ്. ബിജിമോൾ: എം.എൽ.എ. ഫണ്ട് ഉപയോഗിച്ചും പി.എം.ജി.എസ്.വൈ. പ്രകാരവും നിർമ്മിക്കുന്ന റോഡുകൾ ഏറ്റെടുക്കുന്നതിനോ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനോ ത്രിതല പഞ്ചായത്തുകൾ തയ്യാറാകാത്ത സാഹചര്യത്തിൽ അവ ഏറ്റെടുക്കുന്നതിന് ധനകാര്യ വകുപ്പ് തയ്യാറാകണം.

കഴിഞ്ഞ കുറേ നാളുകളായി ഒരു റോഡുപോലും ഏറ്റെടുക്കാൻ പി.ഡബ്ല്യു.ഡി. തയ്യാറാകാത്ത സാഹചര്യമാണുള്ളത്. ഒരു നിയോജക മണ്ഡലത്തിലെ രണ്ട് റോഡുകളെങ്കിലും ഏറ്റെടുക്കാൻ പൊതുമരാമത്ത് വകുപ്പ് തയ്യാറാകണം. പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ ഉദ്ദേശിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ മാനദണ്ഡങ്ങൾക്ക് വിധേയമായി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ബഹു. മുഖ്യമന്ത്രി ഇടപെട്ട് ഈ പ്രശ്നത്തിന് പരിഹാരം കാണണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് റോഡുകൾ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള മാനദണ്ഡങ്ങളിൽ ആവശ്യമായ മാറ്റം വരുത്തി ഏതൊക്കെ റോഡുകൾ പി.ഡബ്ല്യു.ഡി.ക്ക് കൈമാറണമെന്ന് തീരുമാനിക്കാവുന്നതാണ്. എം.എൽ.എ. ഫണ്ട് ഉപയോഗിച്ചോ പി.എം.ജി.എസ്.വൈ. പദ്ധതിയനുസരിച്ചോ നിർമ്മിക്കുന്ന റോഡുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വിസമ്മതിക്കുന്നുവെങ്കിൽ അക്കാര്യം പരിശോധിച്ച് പരിഹാരം കാണുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രസ്തുത വിഷയം സംബന്ധിച്ച് ആവശ്യമെങ്കിൽ നേരിട്ട് ചർച്ച നടത്താൻ തയ്യാറാണ്.

(2) നാണ്യവിളകൾക്ക് താങ്ങുവില

ശ്രീ. മോൻസ് ജോസഫ്: കാർഷിക വിളകളുടെയും നാണ്യവിളകളുടെയും വിലത്തകർച്ച തടയാനും കാർഷികോല്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിക്കാനും നടപടി സ്വീകരിക്കണം. കേന്ദ്ര സർക്കാരുമായി ചർച്ചനടത്തി കേരളത്തിലെ കാർഷികമേഖലയെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കണം. മിനിമം ഇംപോർട്ട് പ്രൈസ് നിശ്ചയിച്ച് റബ്ബർ ഉൾപ്പെടെയുള്ള ഉല്പന്നങ്ങളുടെ ഇറക്കുമതി നിയന്ത്രിക്കുകയും സംഭരണവില 200 രൂപയായി ഉയർത്തുകയും വിലസ്ഥിരതാ ഫണ്ട് നിലനിർത്തുകയും ചെയ്യണം. തോട്ടവിളകൾ സംരക്ഷിക്കുന്നതിനും കുരുമുളകിന്റെ വിലത്തകർച്ച തടയുന്നതിനും നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കാർഡമം രജിസ്ട്രേഷൻ പുതുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. കേരളത്തിലെ കാർഷികമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): നാണ്യവിളകളുടെ ഇറക്കുമതി പുനഃപരിശോധിക്കണമെന്നും സംസ്ഥാനത്തെ വിളകളെ സംരക്ഷണ പട്ടികയിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റബ്ബർ

കർഷകർ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും സംസ്ഥാന സർക്കാർ നൽകിവരുന്ന ഉല്പാദന ബോണസ് വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കണമെന്നും ദേശീയ റബ്ബർ നയം പരിഷ്കരിക്കുമ്പോൾ ചെറുകിട നാമമാത്ര കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കണമെന്നും റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ശാശ്വതപരിഹാരമുണ്ടാക്കണമെന്നും പച്ച നാളികേരത്തിന് മിനിമം സപ്പോർട്ട് പ്രൈസ് ബാധകമാക്കണമെന്നും വിയറ്റ്നാം, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ നിന്നും ഗുണനിലവാരം കുറഞ്ഞ കുരുമുളക് ഇറക്കുമതി ചെയ്യാനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്നും സംസ്ഥാന സർക്കാർ ആവശ്യമുന്നയിച്ചിട്ടുണ്ട്. കുരുമുളകിന്റെ വിലത്തകർച്ചയുടെ കാരണം പഠിക്കുന്നതിനുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത ടാസ്ക്ഫോഴ്സ് രൂപീകരണ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. കാർഷികോൽപ്പന്നങ്ങൾക്ക് ഉല്പാദനച്ചെലവിന്റെ 150 ശതമാനം താങ്ങുവില പ്രഖ്യാപിക്കണമെന്നും റബ്ബറുമായി ബന്ധപ്പെട്ട ഗവേഷണ വികസന പ്രവർത്തനങ്ങൾ കേന്ദ്ര കാർഷിക മന്ത്രാലയത്തിന് കീഴിലാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. നെല്ലിന്റെ ഗുണനിലവാരവും അരിയാക്കുന്നതും സംബന്ധിച്ച കേന്ദ്ര സർക്കാർ നിബന്ധനകളിൽ മാറ്റം വരുത്തുന്നതിനും കർഷകരും മില്ലുടമകളും തമ്മിലുള്ള പ്രശ്നങ്ങൾ പ്രാദേശിക

കമ്മിറ്റികൾ രൂപീകരിച്ച് നിയമാനുസൃത മാനദണ്ഡം നിശ്ചയിച്ചുകൊണ്ട് പരിഹരിക്കുന്നതിനും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

## III. സബ്മിഷൻ

### (1) സബൂറാബീവിയുടെ മരണം

ശ്രീ. ബി. സത്യൻ: ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കരവാരം സ്വദേശിനി സബൂറാബീവിയുടെ ദുരൂഹമരണം സംബന്ധിച്ച് സമഗ്രാന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കരവാരം വില്ലേജിൽ താമസിച്ചിരുന്ന സബൂറാബീവി മരണപ്പെട്ട സംഭവത്തിൽ കല്ലമ്പലം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. സബൂറാബീവിയുടെ ശരീരത്തിൽ മരണകാരണമായേക്കാവുന്ന മുറിവുകളോ ചതവുകളോ കാണുന്നില്ലെന്നും മുങ്ങിമരണമാണെന്നുമാണ് പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറുടെ സ്റ്റേറ്റ്മെന്റ്. റിപ്പോർട്ട് ലഭിച്ചതിനുശേഷം ശാസ്ത്രീയ അന്വേഷണമുൾപ്പെടെ വിശദമായ അന്വേഷണം നടത്തുന്നതാണ്.

### (2) പോലീസ് സേനാംഗങ്ങൾക്ക് ക്വാർട്ടേഴ്സ്

ശ്രീ. റോജി എം. ജോൺ: ആലുവ റൂറൽ പോലീസ് പരിധിയിൽ വരുന്ന സേനാംഗങ്ങൾക്ക് ഫ്ലാറ്റ് മാതൃകയിൽ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനാവശ്യമായ

നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അങ്കമാലി, കാലടി പോലീസ് സ്റ്റേഷനുകളിലെയും സർക്കിൾ ഓഫീസുകളിലെയും ജീവനക്കാർക്ക് അങ്കമാലിയിൽ ഫ്ലാറ്റ് രീതിയിൽ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് മോഡേണൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവുണ്ടാകണമെന്ന എം.എൽ.എ.യുടെ നിവേദനത്തിന്മേൽ അടിയന്തര റിപ്പോർട്ട് ലഭ്യമാക്കാൻ സംസ്ഥാന പോലീസ് മേധാവിയോടും പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കാൻ കെ.പി.എച്ച്.സി.സി. എം.ഡി.യോടും ആവശ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണപ്രവർത്തനത്തിനുള്ള ഫണ്ടിനും ഭരണാനുമതിക്കുമുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭ്യമാക്കുന്നതാണെന്ന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## (3) പട്ടയവിതരണം

ശ്രീ. കെ. ഡി. പ്രസേനൻ: പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലെ മംഗലം ഡാം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന കടപ്പാറ മൂർത്തിക്കുന്ന് നിവാസികൾക്ക് ഭൂമിയും പട്ടയ വിതരണവും നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലെ മംഗലം ഡാം ഫോറസ്റ്റ് സ്റ്റേഷൻ

പരിധിയിൽ വരുന്ന കടപ്പാറ കോളനിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ നടത്തിവന്ന ഭൂസമരം പരിഹരിക്കുന്നതിന് 15.07.2017-ൽ ജില്ലാ കളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ കോളനി നിവാസികളുടെ കൈവശമുള്ള ഭൂമി ആദിവാസികൾക്ക് കൈമാറുന്നതിനും പകരം മണ്ണാർക്കാട് താലൂക്ക് കോട്ടത്തറ വില്ലേജിൽ ഉൾപ്പെട്ട 29.34 ഏക്കർ ഭൂമി വനം വകുപ്പിന് നൽകുന്നതിനും തീരുമാനിച്ചു. വനഭൂമി വനേതര ആവശ്യത്തിന് വിനിയോഗിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുള്ളതിനാൽ 2003-ലെ Forest Conservation Rules പ്രകാരം നെന്മാറ ഡിവിഷൻ ഓഫീസറുടെ സഹായത്തോടെ അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചപ്പോൾ ഡി.എഫ്.ഒ.-യുടെ നിർദ്ദേശത്തെ തുടർന്ന് നടപടി നിർത്തിവയ്ക്കുകയുണ്ടായി. ഇക്കാര്യം അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(4) <u>തുറവൂർ പ്രാദേശിക കേന്ദ്രത്തിന് കെട്ടിടം</u>

<u>ശ്രീ. എ. എം. ആരിഫ്</u>: വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സംസ്കൃത സർവ്വകലാശാല തുറവൂർ പ്രാദേശിക കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കാനാവശ്യമായ

സ്ഥലം ഏറ്റെടുക്കുന്നതിനായി 20 കോടി രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സംസ്കൃത സർവ്വകലാശാല തുറവൂർ പ്രാദേശിക കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി കിഫ്ബിയിൽ നിന്നും 150 കോടി രൂപ പ്രത്യേകം അനുവദിച്ചിട്ടുണ്ട്.

(5) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനം

ശ്രീ. ആർ. രാമചന്ദ്രൻ: കരുനാഗപ്പള്ളി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി കെട്ടിടത്തിന്റെ രണ്ടും മൂന്നും നിലകളുടെ പൂർത്തീകരണത്തിനും ആവശ്യമായ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന ആശുപത്രി നവീകരണ പദ്ധതിയിൽ കരുനാഗപ്പള്ളി താലൂക്കാശുപത്രിയെ കൂടി ഉൾപ്പെടുത്തുകയും പ്രൊപ്പോസലുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ ഐ.സി.യു.-വിന്റെ നിർമ്മാണം ആർ.എസ്.ബി.വൈ. ഫണ്ടുപയോഗിച്ച് നടത്തിവരുന്നുണ്ട്. ഉപകരണങ്ങൾ വാങ്ങുന്നതിന് നാഷണൽ ഹെൽത്ത് മിഷൻ മുഖേന ഫണ്ട്

ലഭ്യമാക്കിയിട്ടുണ്ട്. ഡിജിറ്റൽ എക്സ്റേ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലായി അനുവദിക്കപ്പെട്ട 22 ഡോക്ടർമാരെ കൂടാതെ രണ്ട് എൻ.എച്ച്.എം. ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുകയും പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി ഈ ആശുപത്രിയെയും സ്പെഷ്യാലിറ്റി ആശുപത്രിയാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(6) <u>തസ്തികകൾ സൃഷ്ടിക്കൽ</u>

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: അടിമാലി താലൂക്ക് ആശുപത്രിക്കാവശ്യമായ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): ആദിവാസി ജനവിഭാഗങ്ങളും മലയോര തോട്ടം തൊഴിലാളികളും ആശ്രയിക്കുന്ന അടിമാലി താലൂക്ക് ആശുപത്രിയിൽ നിലവിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗവും വിവിധ വിഭാഗങ്ങളിലായി 19 ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്. ടി ആശുപത്രിക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ ബന്ധപ്പെട്ടവരോട് ആവശ്യപ്പെട്ടതോടൊപ്പം ആർദ്രം മിഷന്റെ ഭാഗമായി ചില തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ആശുപത്രിയിൽ കാത്ത് ലാബ്

സ്ഥാപിക്കുന്നതിനും ഐ.സി.യു. സൗകര്യം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(7) കിടത്തി ചികിത്സ

ശ്രീ. പി. കെ. അബ്ദു റബ്ബ്: തീരദേശ മത്സ്യത്തൊഴിലാളികൾ ആശ്രയിക്കുന്ന പരപ്പനങ്ങാടി ഗവൺമെന്റ് ഫിഷറീസ് ആശുപത്രിയിൽ കിടത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): പരപ്പനങ്ങാടി ഗവൺമെന്റ് ഫിഷറീസ് ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്കായി തീരദേശ വികസന കോർപ്പറേഷൻ നിർമ്മിച്ച കെട്ടിടം കൈമാറുന്നതിന് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. നടപടിക്രമം പൂർത്തിയാക്കി സർക്കാരിന്റെ പരിഗണനയ്ക്ക് വരുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. തീരദേശ മേഖലയിലെ ഒരാശുപത്രിയെന്ന നിലയിൽ രോഗീസൗഹൃദ കേന്ദ്രമാക്കാൻ മുൻകൈ എടുക്കുന്നതാണ്.

(8) റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം

ശ്രീ. എ. പ്രദീപ്കുമാർ: ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സ്ഥലമുടമകളുടെയും യോഗം വിളിച്ചുചേർത്ത് ഭൂമി ഏറ്റെടുക്കൽ നടപടി

ത്വരിതപ്പെടുത്തി പാവങ്ങാട് റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പാവങ്ങാട് റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണത്തിനായുള്ള സ്ഥലമേറ്റെടുക്കാൻ 2.52 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഏറ്റെടുക്കേണ്ട സ്ഥലത്ത് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും മേൽപ്പാലത്തിന്റെ അലൈൻമെന്റിന്റെ സംയുക്ത പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. ഏറ്റെടുക്കേണ്ട സ്ഥലങ്ങളിൽ ചിലത് നിലമായതിനാൽ അവ പരിവർത്തനം ചെയ്യുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലവില സംബന്ധിച്ച് ഭൂവുടമകളുമായി ധാരണയിലെത്താത്തതാണ് ഭൂമി ഏറ്റെടുക്കാനുള്ള കാലതാമസം. ഭൂവുടമകളുടെ സമ്മതം ലഭിച്ചാൽ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം കാലതാമസമില്ലാതെ ഭൂമി ഏറ്റെടുത്ത് നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. പ്രദേശത്തെ ജനപ്രതിനിധികൾ പഞ്ചായത്തുമായും ഭൂവുടമകളുമായും ചർച്ച നടത്തി അനുകൂല സാഹചര്യമൊരുക്കിയാൽ എത്രയുംവേഗം തുടർ നടപടി സ്വീകരിക്കുന്നതാണ്. ആവശ്യമെങ്കിൽ ഇതിനായി ഗവൺമെന്റ് തലത്തിൽ യോഗം വിളിക്കാവുന്നതാണ്.

## (9) അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ

ശ്രീ. പി. ഉബൈദുള്ള: മലപ്പുറം ഗവൺമെന്റ് വനിത ആർട്സ് & സയൻസ്

കോളേജിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2015-16-ൽ പ്രവർത്തനമാരംഭിച്ച മലപ്പുറം ഗവൺമെന്റ് വനിത ആർട്സ് & സയൻസ് കോളേജിൽ ഇംഗ്ലീഷ് വിഭാഗത്തിൽ രണ്ടും കെമിസ്ട്രി വിഭാഗത്തിൽ ഒന്നും അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും മറ്റ് അദ്ധ്യാപക - അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. പ്രസ്തുത കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി അളന്നുതിരിച്ച് ഭൂമി പതിവിനുള്ള ശിപാർശ റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് നിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച് വ്യവസായ-റവന്യൂ വകുപ്പുകൾ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുണ്ടെന്ന് മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഭൂമി കൈമാറ്റ നടപടികൾ പൂർത്തിയാകാത്തതിനാലാണ് കെട്ടിട നിർമ്മാണം ആരംഭിക്കാത്തത്. ഇതുസംബന്ധിച്ച തുടർ നടപടി സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(10) ഗ്രേസ് മാർക്ക്

ശ്രീ. കെ. വി. വിജയദാസ്: ജൂനിയർ റെഡ് ക്രോസ് വിദ്യാർത്ഥികൾക്ക് 'സി'

ലെവൽ പരീക്ഷ നടത്തി ഗ്രേസ് മാർക്ക് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): പത്താം ക്ലാസിൽ പഠിക്കുന്ന ജൂനിയർ റെഡ് ക്രോസ് വിദ്യാർത്ഥികൾക്കായി ഇൻഡ്യൻ റെഡ് ക്രോസ് സൊസൈറ്റി നടത്തിവന്നിരുന്ന 'സി' ലെവൽ പരീക്ഷ സൊസൈറ്റിയിലെ ഭരണപരമായ പ്രതിസന്ധി കാരണം നേരിട്ട് നടത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നടപടി സ്വീകരിച്ചെങ്കിലും കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിൽ പരീക്ഷയുമായി ബന്ധപ്പെട്ട നടപടികൾ ഹൈക്കോടതി സ്റ്റേ ചെയ്തതിനാൽ പരീക്ഷ നടത്താൻ സാധിച്ചില്ല. സ്റ്റേ നീക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. കോടതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്.

## IV. **ധനകാര്യം**

### 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം

അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ (1595,77,44,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച വിഷയ നിർണ്ണയ സമിതിയുടെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

സർവ്വശ്രീ മഞ്ഞളാംകുഴി അലി, പി. ബി. അബ്ദുൽ റസ്സാക്ക്, പി. ഉബൈദുള്ള, എൻ. എ. നെല്ലിക്കുന്ന്, പി. ടി. തോമസ്, അബ്ദുൽ ഹമീദ്. പി, ടി. വി. ഇബ്രാഹിം, റോജി എം. ജോൺ, പി. കെ. അബ്ദു റബ്ബ്, എൻ. ഷംസുദ്ദീൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, കെ. സി. ജോസഫ്, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. സി. കൃഷ്ണൻ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ നയങ്ങൾമൂലം ടെക്സ്റ്റൈൽ മേഖലയിലും അസംഘടിത മേഖലയിലുമടക്കം നിരവധി വ്യവസായശാലകൾ അടച്ചുപൂട്ടുകയും തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്തിരിക്കുകയാണ്. പൊതുമേഖലാ വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനായി

സ്വീകരിച്ച നടപടികളുടെ ഫലമായി കേരളത്തിലെ 13 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ സാധിച്ചിട്ടുണ്ട്. പൊതുമേഖലയെ സഹായിക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തുകയും ചെറുകിട വ്യവസായ മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിനും പരമ്പരാഗത വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുകയും ചെയ്തു. ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സൗജന്യ കൈത്തറി യൂണിഫോം നൽകുന്നതിന് നടപടി സ്വീകരിച്ചതിലൂടെ കൈത്തറി വ്യവസായമേഖലയിൽ ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൈത്തറി സംഘങ്ങൾക്ക് റിബേറ്റ് കുടിശ്ശിക നൽകുന്നതിനായി 25 കോടി രൂപ അധികമായി അനുവദിക്കുകയും ഖാദി മേഖലയിൽ സെമി ആട്ടോമേഷൻ പദ്ധതി നടപ്പാക്കുകയും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും സാധിക്കുന്ന രീതിയിൽ ഖാദി മേഖലയെ പുന:സംഘടിപ്പിക്കുകയും ചെയ്യണം. റിബേറ്റ് കുടിശ്ശിക പൂർണ്ണമായും നൽകുന്നതുൾപ്പെടെ ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് അടയ്ക്കാനുള്ള സർക്കാർ വിഹിതം നൽകുന്നതിനും നടപടി സ്വീകരിക്കണം. ബീഡി വ്യവസായ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും തൊഴിൽ നഷ്ടപ്പെട്ട ബീഡിത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ

നടപ്പിലാക്കണം. പയ്യന്നൂർ താലൂക്ക് യാഥാർത്ഥ്യമാക്കിയ നടപടി ശ്ലാഘനീയമാണ്. കണ്ണൂർ സൈബർ പാർക്കിനെ വ്യവസായ പാർക്ക് ആക്കി മാറ്റുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണം.

ശ്രീ. വി. പി. സജീന്ദ്രൻ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം രൂക്ഷമായ പ്രതിസന്ധി നേരിടുകയാണ്. എഫ്.എ.സി.ടി.-യുടെ കടബാദ്ധ്യതയിൽ ആയിരം കോടി രൂപ എഴുതിത്തള്ളുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും ബാക്കിയുള്ളത് ഗവൺമെന്റ് ഷെയർ ആക്കി മാറ്റുകയും വേണം. അമ്പലമേട്ടിലുള്ള എഫ്.എ.സി.ടി.-യുടെ ഭൂമി വിറ്റുകിട്ടുന്ന തുക പുതിയ പ്ലാന്റുകൾ ആരംഭിക്കുന്നതിനായി വിനിയോഗിക്കുകയും അമ്പലമുകൾ എച്ച്.ഒ.സി.എൽ.-നെ കൊച്ചി റിഫൈനറിയുടെ സഹോദര സ്ഥാപനമാക്കി ഏറ്റെടുക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുകയും ചെയ്യണം. രാഷ്ട്രീയ കൊലപാതകങ്ങൾ തടയുകയും ആദിവാസി യുവാവ് മധുവിന്റെ മരണത്തിനുത്തരവാദികളായ ഫോറസ്റ്റ്/പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും വേണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: ധനാഭ്യർത്ഥനയെ എതിർക്കുന്നു. സംസ്ഥാനത്തെ സ്റ്റീൽ ഫാക്ടറികൾ പലതും പ്രവർത്തനം നിർത്തുകയോ ഉൽപ്പാദനം ഗണ്യമായി കുറയ്ക്കുകയോ ചെയ്തിരിക്കുകയാണ്. മാമത്തെ നാളികേര കോംപ്ലക്സിന്റെ

പ്രവർത്തനവും പ്രതിസന്ധിയിലാണ്. വ്യാവസായിക പുരോഗതിയിൽ സംസ്ഥാനം പിൻതള്ളപ്പെട്ടുകൊണ്ടിരിക്കുന്നു. കാസർഗോഡുള്ള BHEL യൂണിറ്റിൽ ഉൽപ്പാദനം പുനരാരംഭിക്കുന്നതിനും ജീവനക്കാർക്ക് ശമ്പള ലഭ്യത ഉറപ്പുവരുത്തുന്നതിനും പ്രസ്തുത യൂണിറ്റ് ലാഭകരമാക്കുന്നതിനും നടപടി സ്വീകരിക്കണം. കാലഹരണപ്പെട്ട ഉപകരണങ്ങൾക്കു പകരം ഇറക്കുമതി ചെയ്യുന്ന ഇലക്ട്രിക്കൽ എഞ്ചിനുകൾ ഉൾപ്പെടെ ഉൽപ്പാദിപ്പിക്കുന്നതിനും BHEL കേരള ഗവൺമെന്റ് ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കണം. കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച സിന്തറ്റിക് സ്റ്റേഡിയവും ഗവൺമെന്റ് കോളേജിന് അനുവദിച്ച ഇൻഡോർ സ്റ്റേഡിയവും പ്രാവർത്തികമാക്കണം. ആസ്ട്രൽ വാച്ചസ് കമ്പനി പ്രവർത്തിച്ചുകൊണ്ടിരുന്ന ഭൂമിയിൽ വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിനും കാസർഗോഡുള്ള അനന്തപുരം വ്യവസായ ഏരിയയിൽ വികസന പ്രവർത്തനങ്ങൾ നടത്തി പ്രോജക്ടുകൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. വ്യവസായ സംരംഭകർക്ക് മുതൽമുടക്കിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്ന സബ്സിഡിയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കണം. ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ കണ്ടെത്തിയ ഭൂമിയിൽ വികസനപ്രവർത്തനങ്ങൾ നടത്തി ചെറുകിട വ്യവസായ മേഖലയെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ഇ. കെ. വിജയൻ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ജി.എസ്.ടി., നോട്ട് നിരോധനം, ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം എന്നിവയുടെ ഫലമായി രാജ്യത്തെ വ്യാവസായിക മേഖല തകർന്നിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തകർച്ചയിലായ കേരളത്തിലെ 13 പൊതുമേഖലാ സ്ഥാപനങ്ങളെ കാര്യക്ഷമമായ മാനേജ്മെന്റിലൂടെ പുനരുദ്ധരിക്കുന്നതിനും ലാഭകരമാക്കുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്നതിനായി കേന്ദ്ര സർക്കാർ ഒരു വകുപ്പുതന്നെ സൃഷ്ടിക്കുകയും കോർപ്പറേറ്റുവൽക്കരണത്തിന്റെ ഭാഗമായി ലോകമുതലാളിമാരുടെ കൈകളിലേയ്ക്ക് പ്രധാനപ്പെട്ട വ്യവസായ മേഖലകൾ കൈമാറി വിദേശ നിക്ഷേപം കൊണ്ടുവരുന്നതിന് ശ്രമിക്കുന്ന ഘട്ടത്തിൽ അത്തരം പ്രവർത്തനങ്ങളെ എതിർക്കുന്ന നിലപാട് സ്വീകരിക്കണം. എച്ച്.ഒ.സി.എൽ., ബി.എച്ച്.ഇ.എൽ. യൂണിറ്റുകളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. കേരളത്തിലെ കൈത്തറി മേഖല സംരക്ഷിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കോഴിക്കോടിന്റെ ചരിത്ര പാരമ്പര്യമായ കോംട്രസ്റ്റ് എന്ന സ്ഥാപനം നിലനിർത്തുന്നതിന് പ്രസിഡന്റിന്റെ അനുമതി ലഭിച്ച സാഹചര്യത്തിൽ അതിനെ ചരിത്രപരമായ സ്ഥാപനമായി ഉയർത്തുന്നതിനുള്ള ത്വരിത നടപടിയുണ്ടാകണം.

ശ്രീ. വി. കെ. സി. മമ്മത് കോയ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിലെ വ്യവസായ മേഖലയെ വളർച്ചയിലേയ്ക്ക് നയിക്കുന്ന നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ യാതൊരു പ്രവൃത്തിയും കഴിഞ്ഞ ഗവൺമെന്റ് നടത്തിയിട്ടില്ല. യു.ഡി.എഫ്. സർക്കാർ അടച്ചുപൂട്ടിയ തിരുവണ്ണൂർ കോട്ടൺ മില്ലിന്റെ പുനരുദ്ധാരണത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ വ്യവസായ രംഗത്ത് അഭൂതപൂർവ്വമായ വളർച്ച കൈവരിക്കാൻ സാധിച്ചു. വ്യവസായ വളർച്ചയ്ക്കാവശ്യമായ ഉല്പാദനവും തൊഴിലും മൂലധന നിക്ഷേപവും വർദ്ധിച്ചു. വ്യവസായ സംരംഭകർക്ക് വേണ്ടത്ര സാമ്പത്തിക സാങ്കേതിക പരിശീലനം നൽകുന്നതോടൊപ്പം ലൈസൻസുകളും പെർമിറ്റുകളും വേഗത്തിൽ ലഭ്യമാക്കി പ്രതിബന്ധങ്ങൾ മറികടക്കാനുള്ള വ്യവസ്ഥകൾ കൊണ്ടുവരണം. കേരളത്തിലെ 13 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനും നഷ്ടത്തിൽ പ്രവർത്തിച്ചവയുടെ നഷ്ടം കുറയ്ക്കുവാനും സാധിച്ചിട്ടുണ്ട്. ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് മുൻഗണനയും പ്രോൽസാഹനവും നൽകണം. കെ.എം.എം.എൽ. ന്റെ ലാഭം 136 കോടി രൂപയിലെത്തിക്കാൻ സാധിച്ചത് സ്വാഗതാർഹമാണ്. തുണിമില്ലുകളുടെ

നവീകരണത്തിനും ആധുനികവത്കരണത്തിനുമായി ടെക്സ്റ്റൈൽ മേഖലയ്ക്ക് 82 കോടി രൂപ വകയിരുത്തിയത് അഭിനന്ദനാർഹമാണ്. കളിമണ്ണിന്റെ ലഭ്യതക്കുറവുമൂലം അടച്ചുപൂട്ടിയ ഫറൂക്കിലെ മലബാർ ടൈൽ, വെസ്റ്റ്കോസ്റ്റ് ടൈൽ, ഹിന്ദുസ്ഥാൻ ടൈൽ, കാലിക്കട്ട് ടൈൽ എന്നിവ തുറന്നുപ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം. ബേപ്പൂർ നിയോജകമണ്ഡലത്തിലെ സ്റ്റീൽ കോംപ്ലക്സിനാവശ്യമായ ധനസഹായം ലഭ്യമാക്കണം. കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ഫെസിലിറ്റേഷൻ ബിൽ കേരളത്തിലെ വ്യവസായ സമൂഹം സഹർഷം സ്വാഗതം ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഹയർ പർച്ചേസ് എഗ്രിമെന്റ് പ്രകാരം സംരംഭകർക്ക് നൽകിയ ഭൂമിയിന്മേൽ വ്യവസായത്തിന് മാത്രം എന്ന വ്യവസ്ഥയിൽ ക്രയവിക്രയം നടത്തുന്നതിന് അവർക്ക് പൂർണ്ണ അധികാരം നൽകണം.

<u>ഡോ. എൻ. ജയരാജ്</u>: കേരളത്തിലെ വ്യാവസായിക രംഗം ആരോഗ്യകരമായ വളർച്ചയെയാണ് സൂചിപ്പിക്കുന്നത്. നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് വ്യവസായ രംഗത്ത് സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ ഗവൺമെന്റ് നടത്തിയ ശ്രമം ശ്ലാഘനീയമാണ്. ഏകജാലക സംവിധാനം വ്യവസായ രംഗത്ത് നടപ്പിലാക്കണം. ട്രാവൻകൂർ സിമെന്റ്സും മലബാർ സിമെന്റ്സുമായി ക്ലബ്ബ് ചെയ്തുകൊണ്ട് സമഗ്രമായ ഒരു പ്രോജക്ട് തയ്യാറാക്കി സ്ഥാപനത്തെ

സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഖാദി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതോടൊപ്പം ആസ്തി വികസന ഫണ്ട് ഖാദി വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് ഉപകരിക്കത്തക്ക രീതിയിൽ സാധ്യമാക്കണം. കേരള ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂറിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. നഷ്ടത്തിലായിരുന്ന 13 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലെത്തിക്കാൻ സാധിച്ചുവെന്നത് അഭിനന്ദനാർഹമാണ്. ചിറ്റൂർ ഷുഗർ ഫാക്ടറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഗവൺമെന്റ് നടത്തിയ ശ്രമങ്ങളെ അഭിനന്ദിക്കുന്നു. ബനാന, നെല്ലിക്ക, കാന്താരിമുളക്, ജാതിക്കാത്തോട് മുതലായവയിൽ നിന്നും വൈൻ ഉണ്ടാക്കുന്ന സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കണം. അഗ്രികൾച്ചറൽ ഫുഡ് പ്രോസസ്സിംഗിനുവേണ്ടി വ്യവസായ വകുപ്പ് ഏറ്റെടുത്ത സ്ഥലത്തുനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കണം. അഗ്രികൾച്ചറൽ പ്രൊഡ്യൂസിംഗ് കമ്പനികൾക്ക് വകയിരുത്തിയിട്ടുള്ള കേന്ദ്രസഹായം പരമാവധി ഉപയോഗപ്പെടുത്തണം. കരിമണൽ ധാതുക്കൾ ലേലം ചെയ്ത് വിൽക്കുമ്പോൾ ലഭിക്കുന്ന വിഹിതം അതാത് സംസ്ഥാനങ്ങൾക്കുതന്നെ ലഭിക്കുന്നതിനും

സംസ്ഥാനത്തുനിന്ന് കടത്തുന്ന തോറിയം ഫലപ്രദമായി വിനിയോഗിക്കുന്നതിനും നടപടി സ്വീകരിക്കണം. ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഇതിനുള്ള റോയൽറ്റിക്കായി പരിശ്രമിക്കണം.

ശ്രീ. പി. ഉണ്ണി: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. പൊതുമേഖലയെ സ്വകാര്യവൽക്കരിക്കാനുള്ള നടപടികൾ അവസാനിപ്പിക്കണം. രാജ്യത്തിന്റെ സമ്പത്തായ പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽതന്നെ നിലനിർത്തണം. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിന് നേതൃത്വം നൽകിയ മുഖ്യമന്ത്രി പ്രത്യേകം അഭിനന്ദനമർഹിക്കുന്നു. സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയുടെ സമഗ്ര വികസനത്തിനും അടിസ്ഥാന സൗകര്യവികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനുമായി സംരംഭകത്വ സഹായ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. പരിസ്ഥിതി സൗഹൃദ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. പരമ്പരാഗത വ്യവസായ മേഖലയെ നവീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്ന വ്യവസായ വകുപ്പിനെ അഭിനന്ദിക്കുന്നു. വ്യവസായ വകുപ്പിന് കീഴിലുള്ള പതിമൂന്ന് പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭം കൈവരിക്കുന്നതിനും നഷ്ടത്തിൽ

പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ് വരുത്തുന്നതിനും സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണ/വിപുലീകരണ പദ്ധതികൾ പ്രശംസനീയമാണ്. സംസ്ഥാനത്തെ എല്ലാ വീടുകളിലും ഒരു വ്യവസായ ശാല എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കുന്ന സർക്കാരിന്റെ പുതിയ വ്യവസായ നയം ശ്ലാഘനീയമാണ്. സംസ്ഥാനത്ത് തൊഴിൽരഹിതർ ഉണ്ടാകരുതെന്ന വിശാല കാഴ്ചപ്പാടും പ്രവാസികളെ വ്യവസായ സംരംഭകരാക്കാനുള്ള തീരുമാനവും പ്രശംസനീയമാണ്. കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനും ചെറുകിട വ്യവസായ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. 2018-19-ൽ നാനോ സംരംഭകർക്ക് ധനസഹായം നൽകുന്നതിന് പലിശ സബ്സിഡി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പരമ്പരാഗത ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ നിലനിൽപ്പിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ പ്രശംസനീയമാണ്.

ശ്രീ. പി. സി. ജോർജ്: ബഡ്ജറ്റിൽ പ്രഖ്യാപിച്ച റബ്ബർ പാർക്ക് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

പ്രതിസന്ധി നേരിടുന്ന തൊഴിലാളികൾക്കും തൊഴിലുടമകൾക്കും പ്രതീക്ഷയുടെ പുതുവെളിച്ചം പകരാനും കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായങ്ങളെ സഹായിക്കാനും പൂട്ടിക്കിടന്ന ടെക്സ്റ്റൈൽ മില്ലുകൾ പ്രവർത്തിപ്പിക്കാനും സർക്കാരിന് സാധിച്ചു. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതോടൊപ്പം നാനോ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ വളർത്തിയെടുക്കുന്നതിനും ന്യൂജനറേഷൻ സംരംഭകർക്കായി നവീന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പുതു സംരംഭങ്ങളെയും സംരംഭകരെയും സഹായിക്കുന്നതിനും സംസ്ഥാനം വ്യവസായ സൗഹൃദമാക്കി മാറ്റുന്നതിനും ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സ്ഥലദൗർലഭ്യം പരിഹരിച്ച് വ്യവസായ വികസനം സാദ്ധ്യമാക്കുന്നതിനായി ബഹുനില കെട്ടിടങ്ങളുടെയും വ്യവസായ സമുച്ചയങ്ങളുടെയും നിർമ്മാണം, കെ.എസ്.ഐ.ഡി.സി., കിൻഫ്ര എന്നിവ വഴിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടിയും കെ.എസ്.ഇ.ബി.ക്ക് ആവശ്യമായ ട്രാൻസ്ഫോർമർ, മീറ്റർ, കേബിൾ എന്നിവ പൊതുമേഖലാ സ്ഥാപനങ്ങളായ ട്രാക്കോ, കെൽ, യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവെന്നതും സ്വാഗതാർഹമാണ്. കേരളത്തിലെ ആരോഗ്യമേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് വിവിധ പദ്ധതികൾക്ക് രൂപം നൽകാനും കാപ്സ്യൂളുകളും സിറപ്പുകളും മറ്റും

ഉൽപ്പാദിപ്പിക്കുന്നതിനായി നോൺ ബീറ്റാലാക്ടം പ്ലാന്റ് നിർമ്മിക്കാനും അടച്ചുപൂട്ടൽ ഭീഷണിയിലായിരുന്ന 13 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കി ആധുനിക വിപുലീകരണ പ്രവർത്തനങ്ങൾ ആരംഭിക്കാനും സർക്കാരിന് സാധിച്ചത് അഭിനന്ദനാർഹമാണ്. വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള വിഹിതം വർദ്ധിപ്പിക്കുകയും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് നടപ്പിലാക്കുന്നതിലൂടെ വ്യവസായ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്കാണ് സർക്കാർ തുടക്കമിട്ടിരിക്കുന്നത്. സംസ്ഥാനത്ത് തൊഴിൽദായകരെ സൃഷ്ടിക്കുകയെന്ന ലക്ഷ്യവുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്നതിനും വിറ്റഴിക്കുന്നതിനുമുള്ള കേന്ദ്ര സർക്കാർ നീക്കം അപലപനീയമാണ്. പ്രതിരോധം, റെയിൽവേ, ബാങ്കിംഗ്, ഇൻഷ്വറൻസ്, ടെലികോം, പെട്രോളിയം, വ്യോമയാനം, ഊർജ്ജം തുടങ്ങിയ മേഖലകളിൽ പ്രത്യക്ഷ വിദേശ നിക്ഷേപങ്ങളുടെ അനുപാതം വർദ്ധിപ്പിച്ച് ആഗോള കുത്തകകൾക്ക് കൈമാറുന്ന നടപടി ഉപേക്ഷിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണം. നവഉദാരവത്കരണ നയങ്ങളുടെ ഭാഗമായി കേരളത്തിലെ സൂക്ഷ്മ-ഇടത്തര തൊഴിൽ മേഖല നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് സജീവമായ ഇടപെടൽ നടത്താൻ എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചു. തിരുവനന്തപുരം തോന്നയ്ക്കലിൽ ലൈഫ് സയൻസ് പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതിനും സ്റ്റേറ്റ് വൈറോളജി

ഇൻസ്റ്റിറ്റ്യൂട്ട്, മെഡ്സ് പാർക്ക് എന്നിവ ആരംഭിക്കുന്നതിനുമായി തുക വകയിരുത്തിയതും കൊച്ചിയിൽ പെട്രോ കെമിക്കൽസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പിട്ടതും തിരുവനന്തപുരത്ത് ഗ്ലോബൽ ആയുർവ്വേദ വില്ലേജിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചതും ഒറ്റപ്പാലത്ത് ഡിഫൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതും ഈ സർക്കാരിന്റെ ഇച്ഛാശക്തിയോടുകൂടിയ മുന്നേറ്റത്തിന്റെ ഫലമാണ്. തിരുവനന്തപുരം, പാലക്കാട്, തൃശ്ശൂർ തുടങ്ങി സംസ്ഥാനത്തുടനീളം വിവിധ സ്ഥലങ്ങളിൽ നിരവധി പദ്ധതികൾക്ക് തുടക്കം കുറിക്കാൻ ലക്ഷ്യമിടുന്നതോടൊപ്പം കൈത്തറി മേഖലയ്ക്കായി കഴിഞ്ഞ രണ്ട് ബഡ്ജറ്റുകളിലായി 200.65 കോടി രൂപ വകയിരുത്തി കൈത്തറി മേഖലയെ പുനരുജ്ജീവിപ്പിക്കാനും സർക്കാർ മുൻകൈയെടുത്തു.

ശ്രീ. അൻവർ സാദത്ത്: ധനാഭ്യർത്ഥനയെ എതിർക്കുന്നു. കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ ജനദ്രോഹ നടപടികൾ അവസാനിപ്പിക്കണം. ആലുവയിലെ പൊതുമേഖലാ സ്ഥാപനമായ എഫ്.ഐ.റ്റി.-യിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനും എം.ഡി.യെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുന്നതോടൊപ്പം എഫ്.ഐ.റ്റി.യുടെ അധീനതയിലുള്ള ഭൂമിയിൽ നിന്നും 20 സെന്റ് സ്ഥലം വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനായി അനുവദിക്കുന്നതിനുള്ള ഇടപെടൽ ഉണ്ടാകണം.

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാണെന്ന് പറയാമെങ്കിലും തത്വത്തിൽ നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുന്ന സ്ഥിതിയാണ് നിലനിൽക്കുന്നത്.

ശ്രീ. എം. രാജഗോപാലൻ: ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു. വ്യാവസായിക രംഗത്ത് ഇനിയും വളരെയധികം പുരോഗതി കൈവരിക്കേണ്ടതായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയംമൂലം പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കപ്പെടുകയും അടച്ചുപൂട്ടുകയും ബാങ്കിംഗ് മേഖല നഷ്ടത്തിൽ പ്രവർത്തിക്കുകയും പ്രതിരോധം, ഉരുക്ക്, ഊർജ്ജം, മരുന്ന്, വ്യോമയാനം, ഇൻഷ്വറൻസ് എന്നീ മേഖലകൾ ഭീഷണി നേരിടുകയും ചെയ്യുന്നു. കേന്ദ്ര സർക്കാർ കേരള സർക്കാരിനോട് കാണിക്കുന്ന അവഗണന അനുസ്യൂതം തുടരുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുള്ള ശക്തമായ ശ്രമങ്ങളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചത് ഗവൺമെന്റിന്റെ എടുത്തുപറയത്തക്ക നേട്ടമാണ്. സ്ത്രീകൾക്ക് മാത്രമായുള്ള ഇൻഡസ്ട്രിയൽ പാർക്ക് നിർമ്മിക്കുന്നതിനും സൂക്ഷ്മ ചെറുകിട മേഖലയ്ക്കും ഇടത്തരം മേഖലകൾക്കും ആവശ്യമായ ധനസഹായം ലഭിക്കുന്നതിന് സഹകരണ ബാങ്കുകളുടെയും കൊമേഴ്സ്യൽ ബാങ്കുകളുടെയും കൺസോർഷ്യം ഫലപ്രദവും കാര്യക്ഷമവുമായ രീതിയിൽ പ്രവർത്തിപ്പിക്കാൻ സാധിക്കണം. എഞ്ചിനീയറിംഗ്

വിദ്യാഭ്യാസ രംഗത്ത് ഗവേഷണത്തിന് പ്രാധാന്യം നൽകുന്നതിനും വികസന സംവിധാനങ്ങളെക്കുറിച്ച് അവലോകനം നടത്തുന്നതിനും ഒരു വിദഗ്ദ്ധ ഉപദേശക സമിതിക്ക് രൂപം നൽകാനും തയ്യാറാകണം. ഈ ഗവൺമെന്റിന്റെ കാലത്ത് വ്യാവസായിക മേഖലയിലുണ്ടായ നേട്ടങ്ങൾ ശ്രദ്ധേയമാണ്. മലബാർ മേഖലയിലെ വ്യാവസായിക പിന്നോക്കാവസ്ഥ കണക്കിലെടുത്ത് കൂടുതൽ വ്യവസായങ്ങൾ കൊണ്ടുവരുന്നതിനും നിലവിലുള്ളവ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം. മലബാറിൽ ഭൂമി ലഭ്യമായിട്ടുള്ള പഞ്ചായത്തുകളിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള വ്യവസായങ്ങൾ കൊണ്ടുവരുന്നതിന് ഇടപെടൽ നടത്തുകയും ബീഡി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുകയും വേണം.

ശ്രീ. മഞ്ഞളാംകുഴി അലി: ധനാഭ്യർത്ഥനയെ എതിർക്കുന്നു. തൊഴിലില്ലാത്ത ബിരുദധാരികളായ യുവാക്കളെ തൊഴിൽ സംരംഭകരായി മാറ്റാൻ സർക്കാരിന് കഴിയണം. നൂതന വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനും എമർജിംഗ് കേരള കാര്യക്ഷമമായി നടപ്പിലാക്കാനും വനിതാ സംരംഭകരെ സഹായിക്കാനുമുള്ള നടപടി സ്വീകരിക്കണം. വ്യവസായ സംരംഭകർക്കായി കേരളത്തിൽ നിക്ഷേപകാനുകൂല്യ സാഹചര്യമൊരുക്കി മറ്റ് രാജ്യങ്ങളേക്കാൾ മുൻപന്തിയിലെത്തിക്കാൻ നടപടി സ്വീകരിക്കണം. വ്യവസായ സോണിനായി മലപ്പുറം ജില്ലയിലെ മങ്കടയിൽ തെരഞ്ഞെടുത്ത പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ച നടപടി

പുനഃപരിശോധിക്കണം. വിദേശത്തുനിന്നും മടങ്ങിയെത്തിയ തൊഴിൽ നൈപുണ്യമുള്ള പ്രവാസികൾക്ക് നാട്ടിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും പ്രവാസികൾക്കായി പ്രത്യേക പദ്ധതികൾ കൊണ്ടുവരികയും വേണം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൽപ്പാദന മേഖലയിലെ വളർച്ചാ നിരക്ക് ഗണ്യമായി കുറയുകയും വ്യവസായ സ്ഥാപനങ്ങളിൽ മതിയായ സുരക്ഷാ സംവിധാനങ്ങളൊരുക്കുന്നതിൽ പരാജയപ്പെടുകയും ചെയ്തിരിക്കുകയാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്നതും അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഉയർന്ന കസ്റ്റംസ് ഡ്യൂട്ടിയുടെയും ആന്റി ഡമ്പിംഗ് ഡ്യൂട്ടിയുടെയും പേരിൽ പൊതുമേഖലാ സ്ഥാപനങ്ങളെ അഴിമതി ആരോപണങ്ങളുടെ പുകമറ സൃഷ്ടിച്ച് നഷ്ടത്തിലാക്കാനാണ് ശ്രമിച്ചിട്ടുള്ളത്. മേക്ക് ഇൻ ഇന്ത്യ പോലുള്ള പദ്ധതികൾ പ്രയോജനപ്പെടുത്താനും പെറ്റ്കോക്ക് ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതി ആരംഭിക്കാനും എം.എസ്.എം.ഇ.-കൾക്ക് വിപണന സൗകര്യമൊരുക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഒഴിഞ്ഞ് കിടക്കുന്ന ഭൂമി പ്രയോജനപ്പെടുത്താനും കഴിഞ്ഞിട്ടില്ല. പതിനഞ്ചിലധികം സ്റ്റീൽ കമ്പനികൾ പൂട്ടിപ്പോയതുമൂലം നാലായിരത്തിലധികം തൊഴിലാളികൾക്കാണ് തൊഴിൽ

നഷ്ടമായത്. സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയ തുകപോലും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ഖനന മേഖലയിലുണ്ടായ പ്രതിസന്ധി കാരണം ക്വാറി, ക്രഷർ ഉൽപ്പന്നങ്ങൾക്കും നിർമ്മാണസാമഗ്രികൾക്കും കടുത്ത ക്ഷാമം നേരിടുകയും വില അനിയന്ത്രിതമായി വർദ്ധിക്കുകയും ചെയ്യതിനാൽ പൊതുജനങ്ങൾക്ക് ന്യായമായ വിലയിൽ നിർമ്മാണസാമഗ്രികൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. രാജു എബ്രഹാം</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. രാജ്യത്തിന് മാതൃകയാകുന്ന നിരവധി പദ്ധതികൾ കൊണ്ടുവരാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ഡി.പി. ആലപ്പുഴയിൽ നോൺ ബീറ്റാ ലാക്ടം പ്ലാന്റിന്റെ പണി ഉടൻ പൂർത്തിയാകുന്നതാണ്. 131 കോടി രൂപ നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം ഒരു വർഷംകൊണ്ട് 71 കോടി രൂപ നികത്തുകയും 34 കോടി രൂപ ലാഭത്തിലേയ്ക്ക് എത്തിക്കുകയും ചെയ്തു. പൊതുമേഖലാ സ്ഥാപനങ്ങളിലെ അഴിമതി അവസാനിപ്പിക്കാനും അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ പുനരാരംഭിക്കാനും സാധിച്ചിട്ടുണ്ട്. കളിമൺ മേഖലയിലെയും ഓട് നിർമ്മാണ മേഖലയിലെയും പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാനതല പാരിസ്ഥിതിക കമ്മിറ്റി കൃത്യമായി യോഗം ചേരുകയും

നിയമപരമായി കൊടുക്കേണ്ട അനുമതികൾ യഥാസമയം നൽകുകയും ചെയ്യണം. നിർമ്മാണ സാമഗ്രികളുടെ വില നിയന്ത്രിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പൂട്ടുകയും നിയന്ത്രണങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം. കോട്ടയം, പത്തനംതിട്ട ജില്ലകളിൽ റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തണം. ഒറ്റപ്പാലത്ത് വ്യവസായ പാർക്ക്, കിൻഫ്രാ പാർക്ക്, പിറവണ്ണൂർ, സ്മാർട്ട് സിറ്റി, ഇൻഫോ പാർക്ക് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. തൊടുപുഴയിൽ സ്പൈസസ് പാർക്ക് ആരംഭിക്കുന്നതിന് കേന്ദ്രമന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. സ്പെഷ്യൽ എക്കണോമിക് സോൺ ഫോർ അനിമേഷൻ ആന്റ് ഐ.ടി., കഴക്കൂട്ടം എന്ന സ്ഥാപനത്തിന്റെ വികസനപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്.

ശ്രീ. വി. ഡി. സതീശൻ: വ്യാവസായിക അന്തരീക്ഷം മെച്ചപ്പെട്ടിട്ടും വൻകിട വ്യവസായ സംരംഭങ്ങൾ കേരളത്തിലേയ്ക്ക് വരാത്തതിനെ സംബന്ധിച്ച് കൂട്ടായ വിലയിരുത്തലുണ്ടാകണം. ജി.എസ്.ടി. നടപ്പിലാക്കിയതിലൂടെ വൻകിട കോർപ്പറേറ്റ് കമ്പനികളുമായി മൽസരിക്കാൻ കഴിയാതെ പല ചെറുകിട വ്യവസായ സ്ഥാപനങ്ങളും അടച്ചുപൂട്ടുന്ന സ്ഥിതിയാണുള്ളത്. വ്യവസായസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം.

150-ഓളം എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്ക് കേബിളുകൾ സ്ഥാപിക്കുകയോ സിവിൽ വർക്ക് പൂർത്തിയാക്കുകയോ ചെയ്യാതെ പർച്ചേസ് ഓർഡർ നൽകുകയും സ്പെസിഫിക്കേഷനിൽ ഇളവ് നൽകി ഗോദ്റേജ് ലിമിറ്റഡിന് വർക്ക് നൽകുകയും ചെയ്തു. ഇപ്പോൾ ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന പണത്തിന്റെ 25 ശതമാനത്തോളം മാത്രം വിനിയോഗിച്ച് വെർച്വൽ ക്ലാസ് റൂമുകൾ ആരംഭിക്കാൻ സാധിക്കുമെന്നിരിക്കെ ഇതിനായി ശരിയായ രീതിയിലാണോ പണം വിനിയോഗിക്കുന്നതെന്ന് പരിശോധിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : ത്രിപുരയെ ശാന്തിയും സമാധാനവും പുലർത്തുന്ന സംസ്ഥാനമാക്കി മാറ്റാൻ 25 വർഷത്തെ ഇടതുപക്ഷ ഭരണംകൊണ്ട് സാധിച്ചു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന് ലഭിച്ച 35 ശതമാനത്തോളം വോട്ടുകൾ ബി.ജെ.പി.യ്ക്ക് പോയതിന്റെ ഫലമായാണ് അവർക്ക് മികച്ച വിജയം കരസ്ഥമാക്കാൻ കഴിഞ്ഞത്. അധികാരത്തിനുവേണ്ടി ബി.ജെ.പി. ആരുമായും കൂട്ടുചേരും. ക്രൈസ്തവ വിശ്വാസികളുടെ പിന്തുണ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് മേഘാലയയിൽ ബി.ജെ.പി. ബീഫ് നിരോധിക്കാത്തത്. ത്രിപുര ഉപജാതി ജുബ സമിതിയുടെ രാഷ്ട്രീയ രൂപമായ ഐ.പി.എഫ്.റ്റി.യെ ബി.ജെ.പി. കൂട്ടുപിടിച്ചിരിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി.

മൊയ്തീൻ): കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കാൻ ശ്രമിക്കുമ്പോൾ അവയെ സംരക്ഷിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്രഗവൺമെന്റിന്റെ ഇറക്കുമതിനയംമൂലം എഫ്.എ.സി.റ്റി. തകർച്ച നേരിടുകയാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കാൻ തീരുമാനിക്കുകയും ബി.എച്ച്.ഇ.എൽ. - ഇലക്ട്രിക്കൽസ് മെഷീൻസ് ലിമിറ്റഡിനെ സഹായിക്കുന്നതിനായി പ്രവർത്തന മൂലധനമായി 5 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡിനെ സംരക്ഷിക്കുന്നതിനും ടെക്സ്റ്റൈൽ വ്യവസായം പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുമേഖലാ വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ചതിന്റെ ഫലമായി 13 വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലാകുകയും അറ്റാദായമായി 40 കോടി രൂപ ലഭിക്കുകയും ചെയ്തു. പുതിയ എം.എസ്.എം.ഇ. സംരംഭങ്ങൾ ആരംഭിച്ചതുവഴി 94908 തൊഴിലവസരങ്ങൾ പ്രദാനം ചെയ്യാൻ സാധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പി.പി.പി. മോഡലിൽ പദ്ധതി തയ്യാറാക്കുകയും അനന്തപുരം വ്യവസായ പാർക്കിന്റെ വികസനത്തിനായി രണ്ട് കോടി രൂപ നൽകുകയും വ്യവസായികളുടെ ഭൂപ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ഖാദി, കൈത്തറി മേഖലയിലെ റിബേറ്റ് കുടിശ്ശിക പൂർണ്ണമായും നൽകുന്നതിനും ഖാദി മേഖലയിൽ

തൊഴിലാളികളുടെ ഉല്പാദന ഇൻസെന്റീവ്, വരുമാനം, മിനിമം കൂലി എന്നിവ വർദ്ധിപ്പിക്കുന്നതിനും കോട്ടയം ജില്ലയിൽ ഖാദി ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്കായി ഖാദി പ്ലാസ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കരിമണൽ വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അഭിപ്രായ സമന്വയമുണ്ടാക്കാൻ ശ്രമിക്കുകയും കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിനായി ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ ഒഫ്താൽമിക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ഫാർമ മെഡിക്കൽ പ്രോഡക്ടിന്റെ പാർക്ക് നിർമ്മിക്കുകയും ചെയ്യുന്നതാണ്. ട്രാവൻകൂർ സിമെന്റ്സ് ലിമിറ്റഡിലെ വൈറ്റ് സിമെന്റ് നിർമ്മാണ പ്രതിസന്ധി പരിഹരിക്കുന്നതിനും മലബാർ സിമെന്റ്സ് ലിമിറ്റഡിൽ ഗ്രേ സിമന്റ് ഉൽപാദിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പെട്രോകെമിക്കൽസ് പാർക്കിനുവേണ്ടി ഫാക്ടിന്റെ ഭൂമി ഏറ്റെടുക്കുന്നതിന് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഇലക്ട്രിക്കൽ കമ്പനികളുടെ സഹകരണത്തോടുകൂടി ഇലക്ട്രിക് കാറുകൾ നിർമ്മിച്ച് പ്രസ്തുത കമ്പനികളെ സംരക്ഷിക്കുന്നതാണ്. റെയിൽ കോച്ചുകൾക്കുള്ള ഫാബ്രിക്കേഷൻ നടത്താൻ സാധിക്കുന്ന രീതിയിൽ ഓട്ടോകാസ്റ്റ് ലിമിറ്റഡിനെ പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടുണ്ട്. കെൽട്രോണിന്റെ വികസനവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ഭാഗത്തുനിന്നും ആവശ്യമായ ഇടപെടൽ

ഉണ്ടായിട്ടുണ്ട്. ടെക്സ്റ്റൈൽ മേഖലയെ സഹായിക്കുന്നതിന് ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഖാദി-ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഹാൻവീവും ഹാന്റെക്സും ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കിൻഫ്രയുമായി ബന്ധപ്പെട്ട് സ്ഥലമെടുക്കുന്നതിനുള്ള അനുമതി നൽകുകയും കാക്കഞ്ചേരിയിലെ കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ കയറ്റുമതി ഇൻക്യുബേഷൻ ഹബ്ബ് ഈ വർഷം ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം പള്ളിപ്പുറത്ത് ഗ്ലോബൽ ആയുർവ്വേദ വില്ലേജിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കെ.എസ്.ഐ.ഡി.സി., കിൻഫ്ര തുടങ്ങിയ സ്ഥാപനങ്ങളിൽ സ്ത്രീകൾക്കുള്ള വിശ്രമ കേന്ദ്രം, കുട്ടികളെ പരിപാലിക്കുന്നതിനുള്ള ക്രഷുകൾ എന്നിവ ഈ വർഷം ആരംഭിക്കുന്നതിന് ആവശ്യമായ തുക നീക്കിവച്ചിട്ടുണ്ട്. റബ്ബർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി റബ്ബർ ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട് സിയാൽ മോഡലിൽ ഒരു കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. ഈ വർഷം തോന്നയ്ക്കൽ ബൈവപാർക്കിൽ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട് മെഡ്സ് പാർക്ക് എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതാണ്. ആമ്പല്ലൂർ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്കിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയും

പാലക്കാട് കഞ്ചിക്കോട് കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും നടന്നുവരികയാണ്. തകർന്നുപോകാനിടയുള്ള വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് ഒരു പുതിയ പാക്കേജിനാവശ്യമായ ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വാണിജ്യ മിഷൻ ഈ വർഷം നിലവിൽ വരുന്നതാണ്. ക്വാറി ക്രെഷർ മേഖലയിലുള്ള പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായത്തെയും ചെറുകിട സംരംഭങ്ങളെയും സഹായിക്കാനുള്ള പിന്തുണ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മാറിവരുന്ന സാങ്കേതികവിദ്യകൾ സംസ്ഥാനത്തെ കോളേജുകളിൽ പരിചയപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ രൂപംകൊടുത്ത 'സ്കിൽ ഡെവലപ്മെന്റ് പ്ലാറ്റ്ഫോം ഓഫ് കേരള' പദ്ധതിക്ക് ബഡ്ജറ്റിൽ നിന്നാണ് പണം നീക്കിവച്ചിട്ടുള്ളത്. 90 കോടി രൂപ ചെലവ് കണക്കാക്കിയിരുന്ന പദ്ധതി ടെണ്ടർ ചെയ്തപ്പോൾ 46 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. 150 എഞ്ചിനീയറിംഗ് കോളേജുകളെ പദ്ധതിയിൽ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി നടത്തിപ്പിനുള്ള ക്ലാസ് മുറികൾ തയ്യാറാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രമുഖ ഐ.ടി. കമ്പനികളുമായും ദേശീയ വ്യവസായ സംഘടനകളുമായും ചർച്ച നടത്തി കോഴ്സുകൾ തയ്യാറാക്കേണ്ട ചുമതല ഐ.സി.ടി. അക്കാഡമിക്കാണ്. ഓൺലൈൻ

കോഴ്സുകൾക്കുള്ള ഇന്ററാക്ടീവ് ഐ.ടി. സംവിധാനം ടെണ്ടർ ചെയ്തിരിക്കുകയാണ്. ഇതിന്റെ പ്രൊക്യൂർമെന്റ് സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കാനിരിക്കുകയാണ്. നടപടിക്രമങ്ങളിൽ പിഴവ് വരാതെ പദ്ധതി വേഗത്തിൽ നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ ആശങ്കയ്ക്ക് അടിസ്ഥാനമില്ല.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥന 25-നെതിരെ 78 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## V. **അറിയിപ്പ്**

<u>യോഗാക്ലാസ്</u>

<u>മി. സ്പീക്കർ</u>: നിയമസഭാ സാമാജികർക്കായി നാളെ രാവിലെ മുതൽ ആരംഭിക്കുന്ന യോഗാക്ലാസിൽ പരമാവധി അംഗങ്ങൾ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഭ ഉച്ചയ്ക്കുശേഷം 3.24-ന് പിരിഞ്ഞു.

* * * * * * * * * *